ഉത്തരം

(എ-സി) 14-8-2009-ലെ സ.ഉ(എം)എസ്.) നമ്പർ 52/09/പൊ.മ.വ. പ്രകാരം സംസ്ഥാനത്തെ 7385 കി.മീ. റോഡുകൾ പൊതുമരാമത്ത് വകുപ്പിൽ നിലനിർത്തി മേജർ ഡിസ്ട്രിക്സ് റോഡുകളുടെ വിഭാഗത്തിൽ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചതിനാൽ പുതിയ റോഡുകളൊന്നും പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കാൻ തൽക്കാലം ഉദ്ദേശിക്കുന്നില്ല.

ഹരിപ്പാട് കോടതി സമുച്ചയത്തിന്റെ നിർമ്മാണം

244 (1972) ശ്രീ. ബി. ബാബു പ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററി കാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിർദ്ദിഷ്ട ഹരിപ്പാട് കോടതി സമുച്ചയ നിർമ്മാണത്തിന്റെ നിലവിലുള്ള പുരോഗതി വിശദീകരിക്കുമോ ;

(ബി) ഹരിപ്പാട് കോടതി സമുച്ചയത്തിന്റെ ടെണ്ടർ നടപടികൾ പൂർത്തിയായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ആരാണ് പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടർ ഏറ്റെടുത്തിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത നിർമ്മാണപ്രവൃത്തി ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ ;

(ഇ) എങ്കിൽ തടസ്സമെന്താണെന്ന് വിശദീകരിക്കുമോ ;

(എഫ്) തടസ്സങ്ങൾ നീക്കി എത്ര ദിവസത്തിനകം പ്രസ്തുത പ്രവൃത്തി ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) 4-2-2011-ൽ ഈ പ്രവൃത്തിയുടെ ടെണ്ടർ ക്ഷണിക്കുകയും ഏക കരാറുകാരനായ ശ്രീ. ജെ. അബ്ദുൾവാഹീദ് പ്രീ-ക്വാളിഫൈ ചെയ്യുകയും ചെയ്തിട്ടുണ്ട്. ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു.

(ഡി-എഫ്) 22-2-2011-ൽ ഫിനാൻഷ്യൽ ബിഡ് തുറക്കുന്നതും ആയതിന്റെ അംഗീകാരത്തിന് വിധേയമായി നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാവുന്നതാണ്.

മനുഷ്യാവകാശ കമ്മീഷന്റെ പ്രവർത്തനങ്ങൾ

245 (1973) ശ്രീ. എം. ചന്ദ്രൻ :
ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് :
ശ്രീ. വി. ജെ. തങ്കപ്പൻ :
ശ്രീ. കെ. കെ. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററി കാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജനങ്ങളുടെ മനുഷ്യാവകാശങ്ങൾ സംരക്ഷിക്കുന്നതിന് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കഴിഞ്ഞ വർഷം എത്ര പരാതികൾ കമ്മീഷന് ലഭിച്ചിട്ടുണ്ട് ; അവയിൽ എത്ര എണ്ണം പരിഹരിച്ചു എന്ന് വെളിപ്പെടുത്തുമോ ;

(സി) മനുഷ്യാവകാശ ലംഘനവുമായി ബന്ധപ്പെട്ട് നടത്തിയ അന്വേഷണങ്ങളുടെ അടിസ്ഥാനത്തിൽ കമ്മീഷൻ സർക്കാരിന് നൽകിയിട്ടുള്ള പ്രധാന ശിപാർശകൾ എന്തെല്ലാമാണ് ;

(ഡി) മനുഷ്യാവകാശങ്ങൾ സംബന്ധിച്ച് ജനങ്ങളെ ബോധവൽക്കരിക്കുന്നതിനും മനുഷ്യാവകാശങ്ങൾ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെടുത്തുന്നതിനുമായി പദ്ധതി ആവിഷ്ക്കരിക്കുമോ ;

(ഇ) മനുഷ്യാവകാശ കമ്മീഷന്റെ ശിപാർശകളിന്മേൽ നടപടി സ്വീകരിക്കുന്നതിന് സർക്കാർ മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ ; എങ്കിൽ അതിന്റെ പ്രവർത്തനം വിശദമാക്കുമോ ?

ഉത്തരം

(എ) കമ്മീഷൻ സ്വമേധയായോ പരാതിക്കാരിൽ നിന്നോ പരാതിക്കാരനു വേണ്ടി വേറെയാരിൽ നിന്നെങ്കിലും കിട്ടുന്ന പരാതിയിലോ താഴെ പറയുന്ന കാര്യങ്ങളിൽ നടപടി എടുക്കുന്നതാണ്. മനുഷ്യാവകാശ ലംഘനമോ അതിനുള്ള പ്രേരണയോ ഉണ്ടെങ്കിൽ, പബ്ലിക് സർവ്വന്റിന് അത്തരം ലംഘനത്തിൽ പങ്കുണ്ടെങ്കിൽ, കോടതിയിൽ മനുഷ്യാവകാശ ലംഘനമുള്ള കേസിൽ കോടതിയുടെ അനുമതിയോടെയുള്ള ഇടപെടലുകൾ, സർക്കാരിൽ അറിയിപ്പോടുകൂടി ജയിലോ മറ്റ് ഏത് സർക്കാർ ഓഫീസുകളിലോ സന്ദർശനം നടത്തി സന്ദർശനത്തിൽ അപാകത കാണുകയാണെങ്കിൽ സർക്കാരിലേക്ക് ആ അപാകത പരിഹരിക്കാൻ ശിപാർശകൾ അയക്കുക, ഭരണഘടനയിൽ പറഞ്ഞിരിക്കുന്ന സംരക്ഷണങ്ങളെപ്പറ്റി റിവ്യൂ ചെയ്ത് മാറ്റം വേണമെങ്കിൽ സർക്കാരിലേക്ക് ശിപാർശ ചെയ്യുക, മനുഷ്യാവകാശ മേഖലയിൽ പ്രോത്സാഹനവും ഗവേഷണവും നടത്തുക, മനുഷ്യാവകാശത്തെ സംബന്ധിച്ച് സാധാരണ ജനങ്ങളിൽ ബോധവൽക്കരണം നടത്തുക, സന്നദ്ധ സംഘടനകളുടെയും സ്ഥാപനങ്ങളുടെയും മനുഷ്യാവകാശ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുക. ഇതല്ലാതെ കമ്മീഷന് മനുഷ്യാവകാശം സംരക്ഷിക്കണമെന്ന് തോന്നുന്ന എല്ലാ കാര്യങ്ങളും കമ്മീഷനിൽ ലഭിക്കുന്ന പരാതികൾ കേൾക്കുന്നതിനായി എത്രയും ബുദ്ധിമുട്ട് കുറയ്ക്കുന്ന തരത്തിൽ പരാതിക്കാരുടെ ജില്ലകളിൽ തന്നെ വച്ച് പരാതികൾ കമ്മീഷന് കേൾക്കാവുന്നതാണ്.

(ബി) കഴിഞ്ഞവർഷം (2010)-ൽ 5062 പരാതികൾ ലഭിച്ചതിൽ 2769 പരാതികൾ പരിഹരിച്ചിട്ടുണ്ട്.

(സി) കഴിഞ്ഞവർഷം (2010)-ൽ കമ്മീഷനിൽ നിന്ന് 38 ശിപാർശകളാണ് സർക്കാരിന് സമർപ്പിച്ചിരുന്നത്. അതിൽ 3 എണ്ണം സന്ദർശനത്തിന്റെ അടിസ്ഥാനത്തിലുള്ള ശുപാർശകളാണ്. പോലീസ് മർദ്ദനത്തിലും വാട്ടർ അതോറിറ്റി കുഴിച്ച കുഴിയിൽ വീണ് മരിച്ചതിനും ഫോറസ്റ്റ് അധികാരികൾക്ക്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

എതിരെയുള്ളതും കസ്റ്റഡി മരണത്തിന് ഉത്തരവാദികളായ ആഫീസർമാർക്കെതിരെയുള്ളതും ആയ കേസുകളിലും നഷ്ടപരിഹാരം നൽകാൻ ശിപാർശ ചെയ്തിട്ടുണ്ട്. 26-10-2007-ൽ മാതൃഭൂമിയിൽ വന്ന കസ്റ്റഡിമരണത്തിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വമേധയാ കേസെടുക്കുകയും ആശ്രിതർക്ക് ഒരു ലക്ഷംരൂപ നൽകാൻ ശിപാർശ ചെയ്യുകയും ചെയ്തിരുന്നു.

(ഡി) ഇപ്പോൾ പദ്ധതികൾ ഉണ്ട്. ബോധവൽക്കരണത്തിനായി സമൂഹത്തിന്റെ വിവിധ മേഖലകളിൽ പ്രവർത്തിക്കുന്നവർക്കായി എല്ലാ ജില്ലകളിലും സെമിനാറുകൾ നടത്താറുണ്ട്. ഇതിൽ ആതുര ശുശ്രൂഷ ചെയ്യുന്നവർക്കും, തൊഴിലാളികൾക്കും, മാധ്യമ പ്രവർത്തകർക്കുമായി സെമിനാർ സംഘടിപ്പിച്ചിരുന്നു. കൂടാതെ എൻഡോസൾഫാൻ ദുരന്തത്തിന് പരിഹാരം കാണാനായും ഒരു സെമിനാർ സംഘടിപ്പിച്ചിരുന്നു.

(ഇ) മനുഷ്യാവകാശ കമ്മീഷന്റെ ശിപാർശകളിന്മേൽ നടപടികൾ സ്വീകരിക്കുന്നതിനായി 20-11-2009-ലെ 157/2009/ നിയമം നമ്പർ സർക്കാർ ഉത്തരവ് പ്രകാരം നിയമവകുപ്പ് സെക്രട്ടറി ചെയർമാനായും നിയമ വകുപ്പിലെ ബന്ധപ്പെട്ട അഡീഷണൽ സെക്രട്ടറി കൺവീനറായും മനുഷ്യാവകാശ കമ്മീഷൻ സെക്രട്ടറി മെമ്പറായും ഒരു മോണിറ്ററിംഗ് കമ്മിറ്റി സർക്കാർ തലത്തിൽ രൂപീകരിച്ചിട്ടുണ്ട്. മനുഷ്യാവകാശ കമ്മീഷന്റെ ശുപാർശകളിന്മേലുള്ള തുടർനടപടികൾ അവലോകനം ചെയ്യുക എന്നതാണ് മോണിറ്ററിംഗ് കമ്മിറ്റിയുടെ പ്രവർത്തനം. മനുഷ്യാവകാശ കമ്മീഷൻ വിവിധ ഹർജികളിന്മേൽ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിൽ പല സർക്കാർ വകുപ്പുകളിൽ നിന്നും നടപടി സ്റ്റേറ്റ്മെന്റ് ഉൾപ്പെടുത്തിയ റിപ്പോർട്ട് എത്രയും വേഗം ലഭ്യമാക്കുന്നതിന് വേണ്ടി പ്രസ്തുത വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി യോഗങ്ങൾ നടത്തിവരുന്നുണ്ട്.

കായിക പ്രതിഭാ വികസനത്തിനായുള്ള പദ്ധതികൾ

246 (1974) ശ്രീ. പി. സി. ജോർജ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററി കാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായികപ്രതിഭാ വികസനത്തിന് പുതിയ പദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിന് എത്ര തുക ചെലവ് പ്രതീക്ഷിക്കുന്നു ;

(സി) പ്രസ്തുത പദ്ധതിക്ക് മറ്റ് ഏജൻസികളുടെ സഹായം ലഭ്യമാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ?